"ഭരണഭാഷ- മാതൃഭാഷ" **കേരള സർക്കാർ**

നമ്പർ.ഇ4/487/2022/ആഭ്യന്തരം
ആഭ്യന്തര (ഇ) വകുപ്പ്
തിരുവനന്തപുരം
തിയതി: 06-03-2025

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- ആഭ്യന്തര വകുപ്പ് - 31.01.2025 ലെ സ.ഉ. (കൈ) നം.24/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് - മന്ത്രിസഭായോഗ തീരുമാനം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 04.03.2025 ലെ ഇനം നം. 2763 മന്ത്രിസഭായോഗ തീരുമാനം.

മേൽ സൂചനയിലേയ്ക്ക് പൊതുഭരണ (എസ്.സി) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും, മന്ത്രിസഭയുടെ അംഗീകാരം തേടാതെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ സയന്റിഫിക് ഓഫീസറുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് 31.01.2025 ലെ സ.ഉ. (കൈ) നം. 24/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സൂചനപ്രകാരം സാധൂകരിച്ചിട്ടുണ്ടെന്ന വിവരം പ്രസ്തുത വകുപ്പിനെ അറിയിക്കാവുന്നതുമാണ്.

അജികുമാർ ജി
അണ്ടർ സെക്രട്ടറി

പൊതുഭരണ (എസ്.സി) വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 06-03-2025 11:37:32
സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് - സയന്റിഫിക് ഓഫീസർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.24/2025/HOME തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:- 1) ചീഫ് കെമിക്കൽ എക്സാമിനറുടെ 17.01.2023 തീയതിയിലെ ഇ1/സി.ഇ.എൽ.ഡി/53/2023 നമ്പർ കത്ത്.

2) ചീഫ് കെമിക്കൽ എക്സാമിനറുടെ 10.10.2024, 18.11.2024 തീയതികളിലെ സി.ഇ.എൽ.ഡി/880/2023-ഇ1 നമ്പർ കത്ത്.

**ഉത്തരവ്**

01.10.2022 തീയതിയിലെ സംസ്ഥാനതല നാർക്കോ കോർഡിനേഷൻ സെന്റർ കമ്മിറ്റി (NCORD) യോഗതീരുമാനത്തിലെ 5-ാമത്തെ ഇനം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ അധിക ടെക്നിക്കൽ തസ്തികകൾ സൃഷ്ടിക്കുക എന്നതായിരുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ തസ്തികകളുടെ ബാഹുല്യം നിമിത്തം കേസുകൾ കെട്ടികിടക്കുന്നതായും, പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (1) കത്ത് പ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാരിന്റെ പൊതു പരിപാടി എന്ന നിലയിൽ വൈജ്ഞാനിക ഭരണ നിർവഹണം വഴി തസ്തികകളുടെ പുനഃക്രമീകരണം എല്ലാ വകുപ്പുകളിലും നടന്ന് വരുന്ന സാഹചര്യത്തിൽ വൈജ്ഞാനിക ഭരണ നിർവഹണം സംബന്ധിച്ച് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. വൈജ്ഞാനിക ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ നിന്നോ, മറ്റ് വകുപ്പുകളിൽ നിന്നോ ഒഴിവാക്കാൻ കഴിയുന്ന തസ്തികകളിൽ നിന്നും സേവിംഗ്സ് കണ്ടെത്തി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് പരാമർശം (2) പ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ പ്രവർത്തി പഠനം നടത്തി 03.09.2024 തീയതിയിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിലെ ഖണ്ഡികകൾ 4.162, 4.198 പ്രകാരം സയന്റിഫിക് ഓഫീസർമാരുടെ 16 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ശുപാർശ ചെയ്തിരുന്നു.

3) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ തസ്തികകൾ സൃഷ്ടിച്ച് കെട്ടിക്കിടക്കുന്ന കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ബഹു. കോടതിയുടെ നിർദ്ദേശം വകുപ്പിന് ലഭിച്ചിരുന്നു.

കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രാധാന്യവും, കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർക്കേണ്ടതിന്റെ ആവശ്യകതയും, കേസുകൾ തീർപ്പാക്കാതെ വരുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളും വിവിധ കേസുകളുടെ അന്തിമവിധികളിൽ ബഹു. ഹൈക്കോടതി ചൂണ്ടിക്കാട്ടുകയും, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ സ്ഥാപിക്കണമെന്നും, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, ടെക്നിക്കൽ തസ്തികകളും സൃഷ്ടിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഓരോ ലബോറട്ടറിയിലും 2 സയന്റിഫിക് ഓഫീസർ തസ്തിക വീതം ആകെ 6 തസ്തികകളും, എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ 5 സയന്റിഫിക് ഓഫീസർ തസ്തികകൾ വീതം 10 തസ്തികകളുമുൾപ്പെടെ ആകെ 16 സയന്റിഫിക് ഓഫീസർ തസ്തികകൾ അധികമായി സൃഷ്ടിക്കണമെന്ന് പരാമർശം (2) കത്തു പ്രകാരം ചീഫ് കെമിക്കൽ എക്സാമിനർ അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് കെമിക്കൽ എക്സാമിനർ ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലും, സമയബന്ധിതമായി രാസ പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടത് കേസുകൾ തീർപ്പ് കല്പ്പിക്കുന്നതിന് അത്യന്താപേക്ഷിതമാകയാലും, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിൽ ആവശ്യത്തിന് സയന്റിഫിക് ഓഫീസർ തസ്തികകളുടെ അഭാവം മൂലം കേസുകൾ പരിശോധന നടത്താതെ കെട്ടിക്കിടക്കുന്ന വളരെ ഗുരുതരമായ സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും അധിക തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്ന വസ്തുത പരിഗണിച്ച് കോഴിക്കോട്, എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ മൂന്ന് തസ്തികകൾ വീതവും, തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ രണ്ട് തസ്തികകളും ഉൾപ്പെടെ ആകെ എട്ട് സയന്റിഫിക് ഓഫീസർ തസ്തികകൾ (ശമ്പള സ്കെയിൽ - Rs.51400-110300) പുതുതായി സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (25.01.2025 ലെ വ്യയം-എ4/56/2023/ധനം (ഇ-2351833) പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalaja Kumari M S
Date: 31-01-2025 16:56:58
സെക്ഷൻ ഓഫീസർ

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-03-2025

ഫയൽ നം. ഇ4/487/2022/ആഭ്യന്തരം. ഇനം നം: 2763

വിഷയം : ആഭ്യന്തര വകുപ്പ് - കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ സയന്റിഫിക് ഓഫീസറുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2763

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 4/487/2022/ആഭ്യന്തരം |
| 2 | വകുപ്പ് | : | ആഭ്യന്തര (ഇ) വകുപ്പ് |
| 3 | വിഷയം | : | ആഭ്യന്തര വകുപ്പ് - കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ സയന്റിഫിക് ഓഫീസറുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10.02.2025 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതേ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. പ്രസീത കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 01.03.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.03.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മന്ത്രിസഭയുടെ അംഗീകാരം തേടാതെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ സയന്റിഫിക് ഓഫീസറുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് 31.01.2025 ൽ സ.ഉ.(കൈ) നം. 24/2025/ആഭ്യന്തരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2) 01.10.2022 തീയതിയിലെ സംസ്ഥാനതല നാർക്കോ കോർഡിനേഷൻ സെന്റർ കമ്മിറ്റി (NCORD) യോഗതീരുമാനത്തിലെ 5-ാമത്തെ ഇനം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ അധിക ടെക്നിക്കൽ തസ്തികകൾ സൃഷ്ടിക്കുക എന്നതായിരുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ തസ്തികകളുടെ അഭാവം നിമിത്തം കേസുകൾ കെട്ടിക്കിടക്കുന്നതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ചീഫ് കെമിക്കൽ എക്സാമിനർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ ആ വകുപ്പ് ചുവടെപ്പറയും പ്രകാരം അറിയിച്ചു.

*"സർക്കാരിന്റെ പൊതു പരിപാടി എന്ന നിലയിൽ വൈജ്ഞാനിക ഭരണ നിർവഹണം വഴി തസ്തികകളുടെ പുനക്രമീകരണം എല്ലാ വകുപ്പുകളിലും നടന്ന് വരുന്ന സാഹചര്യത്തിൽ വൈജ്ഞാനികഭരണ നിർവഹണം സംബന്ധിച്ച് കെമിക്കൽ എക്സാമിനർ ലബോറട്ടറി വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കുന്നു. കെമിക്കൽ എക്സാമിനർ ലബോറട്ടറികളിൽ അധിക സാങ്കേതിക തസ്തികകൾ ആവശ്യമാണ് എങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ചെലവ് ഏറ്റെടുത്ത് തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ല എന്നും ആയതിനാൽ വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി*

*കെമിക്കൽ എക്സാമിനർ ലബോറട്ടറികളിൽ നിന്നോ മറ്റ് വകുപ്പുകളിൽ നിന്നോ ഒഴിവാക്കാൻ കഴിയുന്ന തസ്തികകളിൽ നിന്നും savings കണ്ടെത്തി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."*

3) തുടർന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ചീഫ് കെമിക്കൽ എക്സാമിനർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ പ്രവൃത്തി പഠനം നടത്തി 03.09.2024-ൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിലെ ഖണ്ഡികകൾ 4.162, 4.198 പ്രകാരം സയന്റിഫിക് ഓഫീസർമാരുടെ 16 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ശുപാർശ ചെയ്തിരുന്നു.

4) 26.10.2024-ൽ നടന്ന NCORD കമ്മിറ്റി യോഗത്തിൽ, കെമിക്കൽ അനാലിസിസ് റിപ്പോർട്ടുകൾ വൈകുന്നതിനാൽ കേസുകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് കെമിക്കൽ ലബോറട്ടറിയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു.

5) കൂടാതെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ തസ്തികകൾ സൃഷ്ടിച്ച് കെട്ടിക്കിടക്കുന്ന കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ബഹു: കോടതിയുടെ നിർദ്ദേശം വകുപ്പിന് ലഭിച്ചിരുന്നു. കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിൽ

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ പ്രാധാന്യവും, കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർക്കേണ്ടതിന്റെ ആവശ്യകതയും, കേസുകൾ തീർപ്പാക്കാതെ വരുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളും വിവിധ കേസുകളുടെ അന്തിമവിധികളിൽ ബഹു. ഹൈക്കോടതി ചൂണ്ടിക്കാട്ടുകയും, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ സ്ഥാപിക്കണമെന്നും, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, ടെക്നിക്കൽ തസ്തികകളും സൃഷ്ടിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

6) തുടർന്ന് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഓരോ ലബോറട്ടറിയിലും 2 സയന്റിഫിക് ഓഫീസർ തസ്തിക വീതം ആകെ 6 തസ്തികകളും, എറണാകുളം, കോഴിക്കോട് റീജിയണൽ ലബോറട്ടറികളിൽ 5 സയന്റിഫിക് ഓഫീസർ തസ്തികകൾ വീതം 10 തസ്തികകളുമുൾപ്പെടെ ആകെ 16 സയന്റിഫിക് ഓഫീസർ തസ്തികകൾ അധികമായി സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് സമഗ്രമായ പ്രൊപ്പോസൽ ചീഫ് കെമിക്കൽ എക്സാമിനർ സമർപ്പിച്ചു.

7) തുടർന്ന് ഫയൽ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, ചുവടെപ്പറയും പ്രകാരം ഉത്തരവായി.

"ACS പരിശോധിച്ചശേഷം ധനകാര്യവകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുക".

8) ഫയൽ വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയപ്പോൾ, പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ രാസ പരിശോധനകൾ നടത്തുന്നതിന് നിയുക്തമായ തസ്തികയായ സയന്റിഫിക് ഓഫീസർ തസ്തികയുടെ ആകെ സ്ട്രെങ്ത് നിലവിൽ 35 മാത്രമാണ്, പ്രസ്തുത മനുഷ്യ ശേഷി ഉപയോഗിച്ച് കെമിക്കൽ എക്സാമിനർ ലബോറട്ടറിയിൽ ഏൽപ്പിക്കപ്പെട്ടിട്ടുള്ള പരിശോധന ജോലികൾ നടത്തുമ്പോൾ പ്രതിമാസം 500 ൽ അധികം സാമ്പിളുകൾ പരിശോധന നടത്താതെ അവശേഷിക്കുന്നു, രാസ പരിശോധനകളുടെ ശരിയായ ഫലം ലഭിക്കുന്നതിന് പ്രസ്തുത പരിശോധനകൾ സമയബന്ധിതമായി നടത്തേണ്ടതുണ്ട്, പരിശോധനകൾ നടത്തുന്നതിന് ദീർഘമായ കാലതാമസം ഉണ്ടാകുന്നത് പരിശോധന ഫലങ്ങളുടെ കൃത്യതയെ മോശമായി ബാധിക്കും, സമയബന്ധിതമായി രാസപരിശോധന റിപ്പോർട്ട് ലഭ്യമാക്കാത്തത് കോടതികളിൽ നിന്നും പ്രതികൂലമായ പരാമർശത്തിന് കാരണമാകുന്നുണ്ട്, കെമിക്കൽ എക്സാമിനർ ലബോറട്ടറികളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠന റിപ്പോർട്ടിലും ആവശ്യത്തിന് സയന്റിഫിക് ഓഫീസർ തസ്തികകളുടെ അഭാവം മൂലം കേസുകൾ പരിശോധന നടത്താതെ കെട്ടിക്കിടക്കുന്ന വളരെ ഗുരുതരമായ സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യം മറികടക്കുന്നതിന് അടിയന്തരമായി അധിക തസ്തികകൾ സൃഷ്ടിക്കുക എന്നത് മാത്രമാണ് പോംവഴി എന്നും പ്രസ്തുത വകുപ്പ് നിരീക്ഷിച്ചിട്ടുമുള്ള സാഹചര്യങ്ങൾ പരിഗണിച്ച് കോഴിക്കോട്, എറണാകുളം എന്നീ കെമിക്കൽ എക്സാമിനർ ലബോറട്ടറികളിൽ 3 തസ്തികകൾ വീതവും തിരുവനന്തപുരം ലബോറട്ടറിയിൽ രണ്ട് തസ്തികകളും ഉൾപ്പെടെ ആകെ എട്ട് സയന്റിഫിക് ഓഫീസർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു."*

9) ധനകാര്യ വകുപ്പിന്റെ നിർദേശമനുസരിച്ചും, സയന്റിഫിക് ഓഫീസർ തസ്തികയിലെ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.01.2025 ൽ

അവസാനിക്കുന്നതിനാൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുമെന്ന സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ടും, കോഴിക്കോട്, എറണാകുളം എന്നീ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ 3 തസ്തികകൾ വീതവും, തിരുവനന്തപുരം ലബോറട്ടറിയിൽ രണ്ട് തസ്തികകളും ഉൾപ്പെടെ ആകെ എട്ട് സയന്റിഫിക് ഓഫീസർ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിന് മന്ത്രിസഭയുടെ അനുമതി കൂടാതെ 31.01.2025 ലെ സ.ഉ.(കൈ) നം. 24/2025/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (അനുബന്ധം)

10) പ്രസ്തുത നടപടി സാധൂകരിക്കുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കോഴിക്കോട്, എറണാകുളം എന്നീ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളിൽ 3 തസ്തികകൾ വീതവും, തിരുവനന്തപുരം ലബോറട്ടറിയിൽ രണ്ട് തസ്തികകളും ഉൾപ്പെടെ ആകെ എട്ട് സയന്റിഫിക് ഓഫീസർ തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് 31.01.2025 ൽ സ.ഉ.(കൈ) നം.24/2025/ആഭ്യന്തരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കാമോ ?